(ബി) ഒമ്പതാം ശമ്പളപരിഷ്ക്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നതുവഴി ഖജനാവിന് പ്രതിവർഷം 1964.52 കോടി രൂപയുടെ അധികബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ ശമ്പളബാധ്യത 1188.64 കോടി രൂപയും പെൻഷൻബാധ്യത 775.88 കോടി രൂപയുമായിരിക്കും.

സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം

167 (181) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. എം. ദിനേശ്മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം സംബന്ധിച്ച് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ശമ്പളപരിഷ്ക്കരണത്തിന് പുറമേ പുതുതായി എന്തെല്ലാം ആനുകൂല്യങ്ങളാണ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഏറ്റവും കുറഞ്ഞ ശമ്പള വർദ്ധനവ് എത്രയാണ് ; കമ്മീഷൻ ശുപാർശകൾ നടപ്പാക്കുന്നതിന് എത്ര കോടി രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവിറക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ശമ്പളപരിഷ്ക്കരണ ആനുകൂല്യങ്ങൾ എന്നുമുതൽ ജീവനക്കാർക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഏറ്റവുംകുറഞ്ഞ ശമ്പളവർദ്ധന 1104 രൂപയായും, ശമ്പളവും പെൻഷനും പരിഷ്ക്കരിക്കുമ്പോൾ, ആകെ 1965 കോടി രൂപയുടെ വാർഷിക അധികബാധ്യത വരുന്നതായും 9-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ കണക്കാക്കിയിട്ടുണ്ട്.

(ഡി&ഇ) റിപ്പോർട്ട് അംഗീകരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതിയും ധനകാര്യവകുപ്പും പരിശോധിച്ചുവരുന്നു. പരിശോധന പൂർത്തിയായശേഷം സർക്കാർ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly